# കേരള നിയമസഭ
# 13.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 13, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി

ജലവിഭവ വകുപ്പുമന്ത്രി

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

## ഇൻകം സപ്പോർട്ട് സ്കീം

*661 ശ്രീ. പി.കെ. ഗുരുദാസൻ
,, കെ.കെ. നാരായണൻ
,, എം.ഹംസ
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ, കൈത്തറി, ഖാദി, ബീഡി, ഈറ്റ, പനമ്പ്, മത്സ്യബന്ധനം, മത്സ്യസംസ്ക്കരണം, തുടങ്ങി സാമ്പത്തിക വരുമാനത്തിൽ പിന്നേക്കം നിൽക്കുന്ന മേഖലയിലുള്ളവരെ സരക്ഷിക്കുന്നതിന് മുൻ സർക്കാർ ആവിഷ്ക്കരിച്ച ഇൻകം സപ്പോർട്ട് സ്കീം ഇപ്പോൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ ഈ സ്കീമിന് എത്ര കോടി രൂപ അനുവദിക്കുകയുണ്ടായി; വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

(സി) 2011-12 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി മുഖേന ഏതെല്ലാം വിഭാഗങ്ങൾക്കായി എത്ര കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്;

(ഡി) 2012-13 ൽ പ്രസ്തുത പദ്ധതി തുടർന്നും നടപ്പിലാക്കാൻ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കുമോ ?

# കേരള നിയമസഭ
# 13.07.2012-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ കർശന നടപടികൾ</u>

T *662

ശ്രീ. വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ എന്തെല്ലാം കർശന നടപടികളാണ് നിലവിലുള്ളത്;

(ബി) നിലവിലുള്ള ശിക്ഷാനടപടികൾ ഫലവത്തല്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ശിക്ഷാനടപടികളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ

## 13.07.2012-ലെ മറുപടിക്ക്

കെട്ടിട നിർമ്മാണ സൈറ്റുകളിൽ സേഫ്റ്റി ഓഡിറ്റിംഗ്

*663 ശ്രീ. പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണ സൈറ്റുകളിൽ സേഫ്റ്റി ഓഡിറ്റിംഗ് ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ; വിശദമാക്കുമോ ;

(സി) സേഫ്റ്റി ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് വകുപ്പുതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 13.07.2012-ലെ മറുപടിക്ക്

ആംബുലൻസ് സൗകര്യമുള്ള ആശുപത്രികൾ

*664 ശ്രീ. ബെന്നി ബെഹനാൻ
'' ആർ. സെൽവരാജ്
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം തരം ആശുപത്രികൾക്കാണ് ആംബുലൻസ് സംവിധാനമുള്ളത്;

(ബി) പ്രസവ ചികിത്സ നടത്തുന്ന എല്ലാ സർക്കാർ ആശുപത്രികൾക്കും ആംബുലൻസ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

<u>പെരിഞ്ചാംകുട്ടിയിൽ നിന്ന് കുടിയിറക്കപ്പെട്ട ആദിവാസികൾ</u>

*665 ശ്രീ. എ. കെ. ബാലൻ
,, എസ്. രാജേന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ പെരിഞ്ചാംകുട്ടിയിൽ നിന്ന് ആദിവാസികൾ കുടിയിറക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേരെ; എന്നാണ് കുടിയിറക്കിയത്, കുടിയിറക്കാനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കുടിയിറക്കിയവരെ പുനരധിവസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ എവിടെയെല്ലാമാണ് പുനരധിവസിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ബാക്കിയുള്ളവരെ എന്ന് പുനരധിവസിപ്പിക്കും;

(സി) ഇവരുടെ പേരിൽ വനം, പോലീസ് അധികൃതർ ഏതെങ്കിലും തരത്തിലുള്ള കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

മാതൃ - ശിശു മരണ നിരക്ക്

*666 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃ- ശിശു മരണനിരക്ക് കുറയ്ക്കുന്നതിന് സമഗ്ര പദ്ധതി രൂപവത്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഗർഭിണികളെ പ്രസവ ആശുപത്രികളിൽ അടിയന്തിരമായി എത്തിക്കുന്നതിനുളള ആംബുലൻസ് സംവിധാനം പദ്ധതിയിൽ ഉൾപ്പെടുത്തുമോ ;

(സി) എല്ലാ സർക്കാർ ആശുപത്രികളിലും ഈ പദ്ധതി നടപ്പാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇത് നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളി നിയമം</u>

*667 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, പി. കെ. ഗുരുദാസൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളി നിയമം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂട്ടിക്കിടക്കുന്ന ഏതെങ്കിലും തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(സി) പ്രസ്തുത പ്രഖ്യാപനം നൂറുദിനത്തിനുള്ളിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ഡി) തോട്ടം തൊഴിലാളികളുടെ കുട്ടികളെ സ്കൂളിൽ എത്തിക്കാൻ വാഹന സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ട്രെയിനിംഗ് സെന്ററുകൾ</u>

*668 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
'' വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററുകൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) എന്തെല്ലാം പരിശീലനങ്ങളാണ് ഈ സെന്ററുകൾ നൽകിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഈ ട്രെയിനിംഗ് സെന്ററുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

ഡോക്ടർമാരുടെ നിർബന്ധിത ഗ്രാമീണ സേവനം

*669 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ
ശ്രീമതി കെ. കെ. ലതിക
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നിർബന്ധിത ഗ്രാമീണ സേവനത്തിനായി എത്ര ഡോക്ടർമാരെയാണ് നിയമിച്ചിട്ടുള്ളത് ;

(ബി) ഇവരിൽ എത്രപേർ ജോലിക്ക് ഹാജരാകാതെ വിട്ടു നിൽക്കുന്നു ; വ്യക്തമാക്കാമോ ;

(സി) ഇപ്രകാരം ഗ്രാമീണ സേവനത്തിൽ നിന്നു വിട്ടു നിൽക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയും ; വ്യക്തമാക്കാമോ ;

(ഡി) ജോലിക്ക് ഹാജരാകാതെ വിട്ടു നില്ക്കുന്ന എത്ര പേർക്കെതിരെ ഇപ്രകാരം നടപടി സ്വീകരിച്ചു ; വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ നടപടി വൈകാനുണ്ടായ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

<u>കേരളത്തെ ആയുർവ്വേദത്തിന്റെ ആഗോള കേന്ദ്രമാക്കാൻ പദ്ധതികൾ</u>

*670 ശ്രീ. വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ആയുർവ്വേദത്തിന്റെ ആഗോളകേന്ദ്രമാക്കാൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതി വഴി ഏതെല്ലാം രോഗങ്ങൾക്കാണ് ചികിത്സ നൽകാൻ കഴിയുന്നത്;

(ഡി) ഏകോപന ചികിത്സയ്ക്ക് ഏതെല്ലാം ഏജൻസിയുമായാണ് സഹകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഐ.റ്റി പ്രൊഫഷണലുകളുടെ സഹായത്തോടെ ഏകോപന ചികിത്സാപദ്ധതിക്ക് ആവശ്യമായ സാങ്കേതിക വിദ്യകൾ തയ്യാറാക്കുമോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

<u>സെൽഫ് സഫിഷ്യന്റ് വില്ലേജ്</u>

*671 ശ്രീ. വർക്കല കഹാർ
'' ആർ. സെൽവരാജ്
'' ഡൊമിനിക് പ്രസന്റേഷൻ
'' എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെൽഫ് സഫിഷ്യന്റ് വില്ലേജ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പട്ടികജാതി കോളനിയുടെ സമഗ്ര വികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 13.07.2012-ലെ മറുപടിക്ക്

<u>പടക്കനിർമ്മാണ തൊഴിലാളികളുടെ സുരക്ഷിതത്വം</u>

*672 ശ്രീ. ഇ. കെ. വിജയൻ
'' വി. എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പടക്കനിർമ്മാണ കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിലെല്ലാം കൂടി എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) പടക്ക നിർമ്മാണ കമ്പനികളിൽ കാര്യക്ഷമമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പ്രസ്തുത തൊഴിലാളികൾക്ക് ക്ഷേമനിധി, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഔഷധത്തോട്ട പദ്ധതി</u>

*673 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, പാലോട് രവി
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഔഷധത്തോട്ട പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ആയത് നടപ്പാക്കുന്നത്;

(സി) ഇതിന് ധനസഹായം നൽകുന്നത് ആരാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഔഷധത്തോട്ടം തയ്യാറാക്കിക്കൊടുക്കുന്നത് ആരാണ് ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

കുടിവെള്ളത്തിന് സിയാൽ മോഡൽ കമ്പനി

*674 ശ്രീ. ബി. ഡി. ദേവസ്സി
'' രാജു എബ്രഹാം
,, കെ. ദാസൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന് സിയാൽ മോഡൽ കമ്പനി രൂപീകരിക്കാനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഈ പദ്ധതിക്ക് വേണ്ടി റിപ്പോർട്ടു തയ്യാറാക്കിയിട്ടുണ്ടോ; റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പദ്ധതിയിൽ പ്രതിദിനം എത്ര ലിറ്റർ വെള്ളം കൈകാര്യം ചെയ്യാനാണുദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതി പൂർണ്ണമായും കേരള വാട്ടർ അതോറിറ്റിയ്ക്ക് നടപ്പാക്കാൻ സാധിക്കുമോ; വാട്ടർ അതോറിറ്റി ഇപ്പോൾ നടത്തിവരുന്ന പദ്ധതികൾക്ക് ആകെ ചെലവ് എത്ര രൂപയാണ്?

# കേരള നിയമസഭ

## 13.07.2012-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ കോളനികളുടെ വികസനപ്രവർത്തനങ്ങൾ</u>

*675 ശ്രീ. കെ. രാധാകൃഷ്ണൻ
'' എളമരം കരീം
,, എം. ചന്ദ്രൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ കോളനികളിൽ നടത്തിയ വികസനപ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇരുപത്തിയഞ്ച് പട്ടികവർഗ്ഗകോളനികളെ മാതൃകാ പട്ടികവർഗ്ഗ കോളനികളാക്കി മാറ്റുമെന്ന സപ്തധാരാ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഉദ്ദേശ്യലക്ഷ്യം നേടാനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

<u>ശുദ്ധമായ കുടിവെള്ളത്തിന് ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ</u>

-

*676 ശ്രീ. കെ. ശിവദാസൻ നായർ
'' എം. എ. വാഹീദ്
'' പാലോട് രവി
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇതിനായി ഏത് സാങ്കേതിക വിദ്യയാണ് ഉപയോഗിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് എന്ത് തുക ചിലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ

## 13.07.2012-ലെ മറുപടിക്ക്

ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകൾ

*677 ശ്രീ.ജോസ് തെറ്റയിൽ
,, മാത്യു.റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകളായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിന്റെ സഹായം ലഭ്യമായിട്ടുണ്ടോ; കേന്ദ്ര സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) കേന്ദ്രസഹായം ലഭ്യമായിട്ടുള്ള ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 13.07.2012-ലെ മറുപടിക്ക്

മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പരിശോധന

*678 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
'' പി. കെ. ബഷീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസികരോഗ ചികിൽസാ മേഖലയിലെ ആധുനിക ഗവേഷണഫലങ്ങൾ സംസ്ഥാനത്തെ ചികിൽസാ രംഗത്ത് പ്രയോജനപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) മാനസികരോഗ ചികിത്സയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തൊക്കെയാണ്;

(സി) പ്രസ്തുത രംഗത്ത് നിലനിന്നിരുന്ന പ്രാകൃത ചികിത്സാ രീതികൾ ഇപ്പോഴും തുടരുന്നുണ്ടോ;

(ഡി) മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

<u>അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ</u>

*679 ശ്രീ. കെ. സുരേഷ് കുറുപ്പ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. കെ. ടി. ജലീൽ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ സംബന്ധിച്ച പ്രശ്നം പരിശോധിച്ചിട്ടുണ്ടോ; ഏറ്റവും ഒടുവിലത്തെ സ്ഥിതിവിവരക്കണക്ക് പ്രകാരം അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തിന് പുറത്തും വിദേശരാജ്യങ്ങളിലും എത്ര അഭ്യസ്തവിദ്യർ ജോലി നോക്കി വരുന്നുണ്ടെന്നുള്ളതും അവർ തൊഴിൽ മേഖലയിൽ നിന്നു പുറംതള്ളപ്പെട്ടുകൊണ്ടിരിക്കുകയാണെന്നുമുള്ള വസ്തുത അറിയാമോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇതിന് ഫലപ്രദമായ പരിഹാരം കണ്ടെത്താൻ ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

<u>ടൂറിസം മേഖലയുടെ വിപുലമായ സാധ്യതകൾ</u>

*680 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ടൂറിസം മേഖലയുടെ വിപുലമായ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും തുടങ്ങിവച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 13.07.2012-ലെ മറുപടിക്ക്

ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി

*681 ശ്രീ. റ്റി. യു. കുരുവിള
'' തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതനിലവാരം ഉയരുന്നതും ജീവിതസൂചികയിലെ വലിയതോതിലുള്ള വർദ്ധനവും പരിഗണിച്ച് എല്ലാ ക്ഷേമനിധി പെൻഷനുകളും കുറഞ്ഞത് 1000/-രൂപ (ആയിരം രൂപ) എങ്കിലും ആയി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ക്ഷേമനിധി പെൻഷൻ ലഭിക്കുന്നവർക്ക് പ്രത്യേക മെഡിക്കൽ അലവൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 13.07.2012-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകൾ</u>

*682 ശ്രീ. കെ. ദാസൻ
'' എളമരം കരീം
,, കെ. കുഞ്ഞിരാമൻ(ഉദുമ)
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലക്ഷക്കണക്കിനുള്ള പാവപ്പെട്ട കുടുംബങ്ങളുടെ കുടിവെള്ളത്തിനായുള്ള ഏക ആശ്രയം വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകൾ ആണെന്ന കാര്യം അറിവുണ്ടോ ;

(ബി) എങ്കിൽ ഇവ നിർത്തലാക്കാനുള്ള ശ്രമങ്ങൾ ഒഴിവാക്കുമോ ;

(സി) ജല അതോറിറ്റിയും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്നുള്ള സംസ്ഥാനതല ഏകോപന സമിതിയുടെ അവസാന യോഗത്തിൽ ഇതു സംബന്ധിച്ചുണ്ടായ നിർദ്ദേശം എന്തായിരുന്നു; വിശദമാക്കാമോ ;

(ഡി) പൊതുടാപ്പുകൾ ഏത് കാലയളവിനുളളിൽ പൂർണ്ണമായും അടച്ചുപൂട്ടാനായിരുന്നു നിർദ്ദേശം ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവത്ക്കരണം</u>

*683 ശ്രീ. ആർ. രാജേഷ്
'' എം. എ. ബേബി
,, എം. ഹംസ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ കാത്തിരിക്കുന്ന അഭ്യസ്തവിദ്യരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഇതിന് ഫലപ്രദമായ പരിഹാരനടപടി കണ്ടെത്തിയിട്ടുണ്ടോ; മുൻവർഷം ഇക്കാര്യത്തിലുള്ള ലക്ഷ്യം എന്തായിരുന്നു; അത് കൈവരിച്ചിട്ടുണ്ടോ; നടപ്പു വർഷത്തിലെ ലക്ഷ്യം വിശദമാക്കാമോ;

(സി) രജിസ്റ്റർ ചെയ്തവരുടെ വർദ്ധനവിന് ആനുപാതികമായി സംസ്ഥാനത്തെ എംപ്ലോയ്മെന്റ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുമെന്ന നൂറുദിന പരിപാടി പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് നടപ്പ് വർഷത്തെ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയി ക്കുമോ;

(എഫ്) ഇത് വഴി എംപ്ലോയ്മെന്റ് ഓഫീസുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 13.07.2012-ലെ മറുപടിക്ക്

<u>ജല അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികൾ</u>

*684 ശ്രീ. വി. ശശി
'' സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ കീഴിൽ എത്ര പദ്ധതികളുടെ പണി പുരോഗമിച്ചു വരുന്നുണ്ട്; പ്രസ്തുത പദ്ധതികളുടെ ജോലികൾ അരംഭിച്ചതെപ്പോഴൊക്കെയാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ജല ശുദ്ധീകരണത്തിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്; നിലവിലുള്ള എത്ര ശുദ്ധീകരണ പ്ലാന്റുകൾ അടിയന്തിരമായി നവീകരിക്കേണ്ടതുണ്ടെന്നും അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

<u>ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

*685 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ പാസ്സാക്കി നൽകുന്ന നടപടിക്രമം ലഘൂകരിക്കുമോ ;

(ബി) സർക്കാർ ആശുപത്രികൾ, ആർ.സി.സി, ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവയിലെ റീഇംബേഴ്സ്മെന്റ് ബില്ലുകളെ ഡി.എം.ഒ / ഡയറക്ടറുടെ ശുപാർശയിൽ നിന്നും ഒഴിവാക്കുമോ ;

(സി) സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്നവർക്ക് റഫറൻസ് വേണമെന്ന വ്യവസ്ഥ ഒഴിവാക്കി റീ ഇംബേഴ്സ്മെന്റ് നൽകുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

വനാവകാശ നിയമപ്രകാരം ഭൂമി വിതരണം

*686 ശ്രീ. ജെയിംസ് മാത്യു
,, എ.കെ. ബാലൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008-ലെ വനാവകാശ നിയമപ്രകാരം പട്ടികവർഗവിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് മുൻ സർക്കാരിന്റെ കാലത്ത് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എത്ര ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട് ;

(ബി) ആദിവാസി പുനരധിവാസ മിഷൻ മുഖേന എത്ര കുടുംബങ്ങൾക്കാണ് മുൻസർക്കാരിന്റെ കാലത്ത് ഭൂമി നൽകിയത്; അതിനായി എത്ര ഏക്കർ ഭൂമി വേണ്ടിവന്നു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരവും പുനരധിവാസ മിഷൻ മുഖേനയും എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്നും അതിനായി എത്ര ഹെക്ടർ ഭൂമി ആവശ്യമായി വന്നുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

ദേവസ്വം നിയമനങ്ങൾ പി.എസ്.സിക്ക് വിടാൻ നടപടി

*687 ശ്രീ. ബാബു എം. പാലിശ്ശേരി
'' ജി. സുധാകരൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം നിയമനങ്ങൾ പി.എസ്.സിക്ക് വിടാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നുവോ;

(ബി) ഇക്കാര്യത്തിൽ ഈ സർക്കാർ എന്തു നടപടി എടുത്തുവെന്ന് അറിയിക്കാമോ;

(സി) ദേവസ്വം നിയമനങ്ങൾ പി.എസ്.സിക്ക് വിടുന്നതിനോട് ഈ സർക്കാരിന്റെ നിലപാട് അറിയിക്കാമോ?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

ബാങ്ക് മുഖേന തൊഴിലാളികളുടെ ആനുകൂല്യ വിതരണം

*688 ശ്രീ. ആർ. സെൽവരാജ്
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളും ബാങ്കുകൾ വഴി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി തൊഴിലാളികളുടെ പൂർണ്ണ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് എന്ന് മുതൽ പ്രാവർത്തികമാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 13.07.2012-ലെ മറുപടിക്ക്

<u>സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ആരോഗ്യ സർവ്വകലാശാലയുടെ പരിശോധന</u>

*689 ശ്രീ. എം. എ. ബേബി
,, റ്റി. വി. രാജേഷ്
,, കെ. വി. അബ്ദുൾ ഖാദർ
,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തെക്കുറിച്ച് ആരോഗ്യ സർവ്വകലാശാല നടത്തിയ പരിശോധനയിൽ കണ്ടെത്തിയ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പരിശോധനാ സംഘം എന്തെല്ലാം ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്;

(സി) ഏതെങ്കിലും ശുപാർശകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.07.2012-ലെ മറുപടിക്ക്

<u>ഏകീകൃത പൊതുജനാരോഗ്യനിയമം</u>

*690 ശ്രീ. കെ. വി. വിജയദാസ്
'' എസ്. ശർമ്മ
,, പി. ശ്രീരാമകൃഷ്ണൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃതവും ഫലപ്രദവുമായ പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) 1955-ലെ തിരു-കൊച്ചി പൊതുജനാരോഗ്യ നിയമവും 1935-ലെ പൊതുജനാരോഗ്യ നിയമവും കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യമായിട്ടുണ്ടോ;

(സി) വർദ്ധിച്ചുവരുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് 'ഒരുജനകീയ പൊതുജനാരോഗ്യ നയം' രൂപപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.കെ. മുരളീധരൻ,
തിരുവനന്തപുരം, സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂലൈ 04

"T"ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.